LIBRARY ARCHIVES Kerala Legislative Assembly

അയയ്ക്കാറുള്ളു. മാത്രവുമല്ല വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട പ്രധാന രേഖകളായ ഡിമാന്റ് ലറ്റർ, പവർ ഓഫ് അറ്റോണി, എംപ്ലോയ്മെന്റ് കോൺട്രാക്റ്റ് മുതലായ വിദേശ തൊഴിൽദാതാവിൽ നിന്നും വാങ്ങി അവയുടെ നിജസ്ഥിതി ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ അനന്തര നടപടി സ്വീകരിക്കാറുള്ളു. കൂടാതെ കേരള സർക്കാരിന്റെ പ്രവാസി കേരളീയ കാര്യ വകുപ്പ് വിദേശത്തേക്ക് ജോലിക്ക് ശ്രമിക്കുന്നവർ അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന മാത്രമേ അത് നടത്താവൂ എന്നും, ഏജൻസികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പരാതി ഉണ്ടെങ്കിൽ അവ സർക്കാരിനെ അറിയിക്കണമെന്നും വിദേശത്തേക്ക് പോകുന്നതിന് മുമ്പ് തൊഴിൽ കരാറിൽ ഏർപ്പെട്ടിരിക്കണമെന്നും വിവിധ വാർത്താ മാധ്യമങ്ങൾ വഴി പ്രചാരണവും നടത്തി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ എമിഗ്രേഷൻ ആക്ടിൽ റിക്രൂട്ട്മെന്റിന്റെ സുതാര്യത ഉറപ്പു വരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ട്. വിദേശത്തെ ഇൻഡ്യൻ എംബസിയിൽ നിന്നും അനുമതി ലഭിച്ചാൽ മാത്രമേ ആ രാജ്യത്തേക്ക് നിയമാനുസൃതമായ റിക്രൂട്ട്മെന്റ് നടത്താൻ കഴിയുകയുള്ളു. ഇവയെല്ലാം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്ന സംഗതികളാണ്.

(ബി) ഒ.ഡി.ഇ.പി.സി വഴി റിക്രൂട്ട്ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ തൊഴിൽ വ്യവസ്ഥകൾ ഉറപ്പു വരുത്തുന്നുണ്ട്. ഇതിന് നോർക്കയിൽ പ്രത്യേക സംവിധാനമില്ല. പ്രാഥമികമായും ഇത് കേന്ദ്ര ഗവൺമെന്റിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ചുമതലയിൽപ്പെടുന്നതാണ്.

റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രവർത്തനം

66 (230) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ ജോലിക്കായി ആളുകളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾക്ക് സംസ്ഥാനത്തു നിന്നും ആളുകളെ റിക്രൂട്ട് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം ഏജൻസികളുടെ നിജസ്ഥിതി അന്വേഷിക്കുന്നതിനും ആളുകൾ കബളിപ്പിക്കപ്പെടാതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സർക്കാർ പൊതുമേഖലാ സ്ഥാപനവും തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ ഒ.ഡി.ഇ.പി.സി ക്ക് സംസ്ഥാനത്തു നിന്നും വിദേശ ജോലിക്കായി ആൾക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ലൈസൻസ് കിട്ടിയിട്ടുണ്ട്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രൻസിന്റെ അംഗീകാരമുള്ള

ഏജൻസികൾക്ക് മാത്രമേ വിദേശത്തേക്ക് റിക്രൂട്ട്മെന്റ് നടത്താൻ അർഹതയുള്ളു. ഇപ്രകാരമുള്ള അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ വിഷയം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ അധികാര പരിധിയിലുള്ളതായതിനാൽ ഈ കാര്യത്തിൽ സംസ്ഥാന തൊഴിൽ വകുപ്പ് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ കേരള സർക്കാർ വകുപ്പായ പ്രവാസി കേരളീയ കാര്യ വകുപ്പിൽ അംഗീകാരം ലഭിക്കാത്ത ഏജൻസികളുടെ പ്രവർത്തനം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൻ മേൽ സംസ്ഥാന പോലീസ് വഴിയും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ ഓഫീസുകൾ വഴിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ച് പരാതിയോ സംശയമോ ഉണ്ടെങ്കിൽ അവ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും വിദേശത്ത് ജോലിക്ക് പോകുന്നതിന് മുമ്പ് തൊഴിൽ കരാറിൽ ഏർപ്പെട്ടിരിക്കണമെന്നും വിവിധ വാർത്താ മാധ്യമങ്ങൾ വഴി പ്രവാസി കേരളീയ കാര്യവകുപ്പ് പ്രചരണവും നടത്തി വരുന്നുണ്ട്.

തൊഴിൽ നയം

67 (231) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് തൊഴിൽ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോഇ;

(ബി) എങ്കിൽ സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് ഇത് എത്രകണ്ട് സഹായകരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) തൊഴിലില്ലായ്മക്കെതിരെ യുവജന സംഘടനകൾ സംസ്ഥാന വ്യാപകമായി സമരങ്ങൾ സംഘടിപ്പിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഇ) സംസ്ഥാനത്തെ തൊഴിൽ സാദ്ധ്യതകൾ പഠിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) 31-1-2000 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly